# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*106 　　　　03.12.2018 ൽ മറുപടിക്ക്

### കശുവണ്ടി സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കശുവണ്ടി സംസ്കരണ രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പ്രവർത്തനമൂലധനത്തിന്റെ അഭാവം മൂലം 18.09.2015 മുതൽ അടഞ്ഞു കിടക്കുകയായിരുന്ന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 17.08.2016 മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.<br>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അടഞ്ഞുകിടക്കുകയായിരുന്ന കാപ്പെക്സ് ഫാക്ടറികൾ എല്ലാം തന്നെ സർക്കാരിന്റെ നിരന്തരമായ ഇടപെടൽ മൂലം 2016 ഓണത്തിന് മുൻപ് പ്രവർത്തനം ആരംഭിക്കുകയും ഇപ്പോഴും പ്രവർത്തിച്ചു വരികയുമാണ്.<br>ഗുണനിലവാരമുള്ള കശുവണ്ടി ലഭ്യമാക്കുന്നതിനായി ഗുണമേന്മയുള്ള കശുമാവിൻ തൈകൾ ഉത് പ്പാദിപ്പിച്ച്, വിതരണം ചെയ്ത് ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ കേഷ്യു കൾട്ടിവേഷൻ പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിച്ച് ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2017 ഒക്ടോബർ 9-ന് പ്രവർത്തനം ആരംഭിച്ചു. ബോർഡ് ഇതിനകം ആഫ്രിക്കൻ രാജ്യമായ ഗിനി-ബിസ്സാവുവിൽ നിന്ന് 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് തോട്ടണ്ടി സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്കു കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>മേൽ സ്ഥാപനങ്ങൾക്ക് സർക്കാർ മതിയായ പദ്ധതി വിഹിതം വകയിരുത്തി വരുന്നു.<br>ആറളം ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിൽ പൊതുമേഖലയിലുള്ള തോട്ടങ്ങളിൽ നിന്നും സർക്കാർ നിശ്ചയിച്ച വിലയ്ക്ക് കാപെക്സിനും, കശുവണ്ടി കോർപറേഷനും 2017 മുതൽ തോട്ടണ്ടി ലഭ്യമാക്കി വരുന്നു. 2018 ഒക്ടോബറിൽ കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും, കൃഷി വകുപ്പ് |

| | | | |
|---|---|---|---|
| | | | മന്ത്രിയും സംയുക്തമായി നടത്തിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ 2019- ലെ കശുവണ്ടി വിളവെടുപ്പ് പൂർണ്ണമായും അവർ തന്നെ സംഭരിച്ച് കെ.എസ് .സി.ഡി.സിക്കും കാപെക്സിനും സർക്കാർ നിശ്ചയിക്കുന്ന വിലയിൽ ലഭ്യമാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ നിരവധി കശുവണ്ടി ഫാക്ടറികൾ അടഞ്ഞു കിടക്കുന്നത് ആഗോള-ആഭ്യന്തര വിപണിയിലെ കശുവണ്ടി ലഭ്യതക്കുറവും, വൻവിലയും മറ്റ് രാജ്യങ്ങളിൽ നിന്നും നേരിടുന്ന മത്സരവും,കടക്കെണിയിൽ അകപ്പെട്ടതും മൂലമാണ് . കശുവണ്ടി വ്യവസായികളുടെ പ്രശ്നപരിഹാരത്തിനായി സർക്കാർ നിരന്തരം എസ്.എൽ.ബി.സി., ബന്ധപ്പെട്ട ബേങ്കുകൾ എന്നിവരുമായി വ്യത്യസ്ത തലത്തിൽ ചർച്ച നടത്തുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്തുവരുന്നു. |
| (ബി) | സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകൾക്ക് ഗുണനില വാരമുള്ള തോട്ടണ്ടി അളവിലും തൂക്കത്തിലും കുറവുണ്ടാകാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ടാൻസാനിയ, മൊസാംബിക് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്കു കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള കാഷ്യു ബോർഡ് സ്വീകരിച്ചു വരുന്നു. |
| (സി) | കാഷ്യുബോർഡ് മുഖേന ലഭ്യമാകുന്ന തോട്ടണ്ടി ഏതൊക്കെ വിധത്തിൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ; | (സി) | കേരള കാഷ്യു ബോർഡ് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടി, ലഭ്യതയനുസരിച്ച് പൊതു/സ്വകാര്യമേഖലയിലുള്ള |

| | | | |
|---|---|---|---|
| | | | സംസ്കരണ യൂണിറ്റുകൾക്ക് ആവശ്യകതയുടെയും പ്രവർത്തന ശേഷിയുടെയും അടിസ്ഥാനത്തിൽ ലഭ്യമാക്കാനാണ് ആലോചിക്കുന്നത്. |
| (ഡി) | അടഞ്ഞു കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തൊഴിൽ ഉറപ്പുവരുത്തു ന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് പൊതുമേഖലയിലെ 40 കശുവണ്ടി ഫാക്ടറികളും തുടർച്ചയായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. സ്വകാര്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ ധനകാര്യ സ്ഥാപനങ്ങൾ തുടരുന്ന ചില നിലപാടുകൾ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് വേണ്ടത്ര സഹായകരമായിട്ടില്ല. ഇതിനെ തുടർന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കിംഗ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് നാല് തവണ യോഗം ചേർന്നിരുന്നു. അവസാനമായി 07/11/2018-ൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾക്കായി ബാങ്കിംഗ് സ്ഥാപനങ്ങളുടെയും സർക്കാർ പ്രതിനിധികളുടെയും ഒരു കമ്മിറ്റി 14/11/2018-ലെ ജി.ഒ.(ആർ.റ്റി.) നം.1279/2018/ഐ.ഡി. നമ്പർ പ്രകാരവും 29/11/2018-ലെ ജി.ഒ.(ആർ.റ്റി.) നം.1319/2018/ ഐ.ഡി. നമ്പർ പ്രകാരവും രൂപീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ |

| | | | |
|---|---|---|---|
| | | | ബാങ്കേഴ്സ് കമ്മിറ്റി ലഭ്യമാക്കിയ, കടക്കെണിയിൽപ്പെട്ട വ്യവസായ യൂണിറ്റുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട വ്യവസായികളെ പ്രത്യേകം പ്രത്യേകം കേട്ട് 2018 ഡിസംബറിനു മുൻപ് പുനരുദ്ധാരണം സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. ഈ കമ്മിറ്റി തീരുമാനിക്കുന്ന മുറയ്ക്ക് ഇതിനകം എൻ.പി.എ (Non Performing Assets)-യും സ്ട്രസ്ഡ് (Stressed) വിഭാഗത്തിലും പെട്ട വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായി അധികവായ്പയും പുനർവായ്പയും അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ ബാങ്കുകൾ നൽകുന്ന വായ്പയുടെ പലിശയിന്മേൽ പരമാവധി 50% സബ്സിഡി അനുവദിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരികയാണ്.<br>തോട്ടണ്ടി ലഭ്യമാക്കിയാൽ വ്യവസായം തുടങ്ങാൻ തയ്യാറാകുന്ന യൂണിറ്റുകൾക്ക് നൽകുന്ന ബാങ്കുകൾ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ കാഷ്യു ബോർഡിൽ നിന്നും ന്യായമായ വിലയ്ക്ക് തോട്ടണ്ടി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.<br>അതിനു പുറമേ ടാൻസാനിയ, മൊസാംബിക്; തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ന്യായവിലയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്ത് സ്വകാര്യ കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾക്കു കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള ക്യാഷ്യു ബോർഡ് സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സ്വകാര്യ ഫാക്ടറികളെ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഗുരുതരമായ പ്രതിസന്ധി നേരിടുന്ന കശുവണ്ടി വ്യവസായത്തെ രക്ഷപ്പെടുത്തിയും നിലനിർത്തിയും ഈ വ്യവസായത്തെ ആശ്രയിച്ച് കഴിയുന്നവരുടെ തൊഴിൽ സംരക്ഷിക്കാൻ കൂടിയുള്ളതാണ്. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

**Abstract**

Industries Department – Financial issues faced by the Private Cashew processing units in Kerala – Committee to assess the financial viability of the unit and make recommendations as to its revival – constituted - Orders issued.

## INDUSTRIES (K) DEPARTMENT

**G.O.(Rt)No.1279/2018/ID** **Dated, Thiruvananthapuram,14/11/2018**

Read :- Minutes of the meeting convened by the Chief Secretary, Kerala with the SLBC and Representatives of Banks on 15/10/2018.

## ORDER

1. In the meeting convened by the Chief Secretary with the Banks to discuss the crisis being faced by the cashew processing units in the state on 15/10/2018 following decision was taken.

   "**Decision No.2**: A committee consisting of a representative of SLBC, RBI and Government of Kerala will be constituted for the purpose of individual assessment of liabilities and ways and means to find solutions for their revival. The representatve of the concerned bank will be the fourth member in the committee. The committee will hold discussions with the unit management and assess the possibility of turning around. In the case of a possibility of turning around, the unit should be assisted with a new loan."

2. Accordingly Government are pleased to constitute a committee consisting of the following composition to assess the financial viability of the cashew processing units that are facing crisis so as to revive them.

   1. Smt. G.K. Maya, Convener SLBC or her nominee : Member
   2. Shri. S. Sooraj, AGM RBI Trivandurm or his nominee : Member
   3. Shri. K. SunilKumar, Deputy Secretary, Industries(K) Department: Member and Convener.
   4. Representative of the Bank concerned : Member

3. The objectives of the committee will be as given under.

    1. Committee will assess the financial viability of the unit so as to examine the feasibility of the revival package if any submitted by the borrower and make recommendations to the respective Banks.
    2. To recommend an honourable exit package if the revival package is not found feasible.

4. The committee shall consider existing Cashew loan borrowal accounts where;

    1. The bank concerned is contemplating to take recovery measures, through Civil suit/DRT/Revenue Recovery/SARFAESI, within the next 3 months
    2. Banks have initiated SARFAESI action but have not filed court proceedings (Civil Suit/DRT/Revenue Recovery).

5. Accounts, where any recovery suit is pending with any court of law/RR authority shall be excluded from the purview of the committee.

6. Individual cases can be referred to the committee either by the Borrower or by the Banks concerned (wherever the application has been submitted by the party to the Bank).

7. The Banks concerned shall ensure that necessary and sufficient powers are delegated to their representatives in the Committee to take decision on behalf of the concerned Bank in the Committee sittings.

8. The SLBC and banks shall give wide publicity regarding the objectives and functioning of the committee.

9. SLBC shall inform the decision of the committee to the concerned through email.

10. Recommendation made by the committee shall be of advisory nature.

11. Following procedure of business shall govern the functioning of the committee:

    1. Application shall be given to Government nominee with latest Balance Sheet, Stock Statement, ITR and KYC, not later than by 15th of December 2018.

    2. The applicant has to furnish Copies of the application to the bank/borrower as the case may be;

3. On receipt of the application, the Government will inform the concerned bank about the receipt of the same and request the bank to maintain *'status quo'* on the account till the decision is taken by the committee;
4. Government representative shall convene the sitting of the committee and the committee shall decide the case within a month;
5. Committee shall ask for additional documents wherever found necessary;
6. Committee shall hear the borrower wherever it feels necessary;
7. The committee or its representative(s) shall conduct field visits before deciding on the case if it feels necessary ;
8. In the case of a divided opinion, majority view shall prevail. The opinion of the representative from the RBI (regulator) shall be adopted as decision of the Committee, in the event of a tie.

**(By order of the Governor)**
**DR. K. ELLANGOVAN**
**PRINCIPAL SECRETARY**

**To:** The General Manager RBI, Thiruvananthapuram

Smt. G.K Maya, General Manager ,Canara Bank, Statue,

Thiruvananthapuram ,(Convenor SLBC, Kerala, )

All Banks Concerned through Convenor, SLBC

The Deputy Secretary, Industries(K)Department

The Finance Department

The Principal Accountant General (Audit/A&E), Kerala,

Thiruvananthapuram.

I&PR Department (Web&New Media)Department(for uploading in website)

SF/OC

Forwarded /By order

Section Officer

Copy to:-

Principal Secretary to the Chief Minister

PS to Min(Cashew Industry)

Additional Secretary to the Chief Secretary

PA to Principal Secretary (Cashew Industry)

Deputy Secretary (Industries)

സെക്ഷൻ ഓഫീസർ

Fed 30.11.18

# GOVERNMENT OF KERALA

## Abstract

Industries department- Committee to assess the financial viability of cashew processing units facing crisis- constitution of the committee and guidelines for the functioning of the committee- modified- Orders issued.

## INDUSTRIES(K)DEPARTMENT

**G.O.(Rt)No.1319/2018/ID** Dated,Thiruvananthapuram, 29/11/2018

Read 1 GO(Rt) No.1279/2018/ID Dated 14.11.2018.

2 Letter No. FIDD(T) LBS No. 187/02.04.012/2018-19 dated 12.11.2018 of the GM (Officer-in Charge), RBI, Thiruvananthapuram.

3. Representation dated 19.11.2018 from the Kerala Cashew Industries Protection Council.

## ORDER

Government had constituted a four member Committee to assess the financial viability of cashew processing units that are facing crisis so as to revive them as per the Government order read as 1st paper above.

2. As per letter read as 2nd paper above, the General Manager (Officer-in Charge) of the Reserve Bank of India, Financial Inclusion and Development Department, Thiruvananthapuram has informed that it is not prudent on the part of the Reserve Bank of India as a regulator of the banking system to be a part of the Committee which is formed to assess the viability of individual units and commercial decisions should be taken by the banks

concerned and has requested to exempt RBI from the Committee.

3. As per the letter read 3rd paper above, the Kerala Cashew Industries Protection Council has requested the Government to modify the clause, "Accounts, where any recovery suit is pending with any court of law/RR authority shall be excluded from the purview of the committee" of the GO read as 1st paper above as the clause hampers the chance for the revival of the units in which case there are cases pending before any Court of Law or RR authority.

4. Government have examined the above requests in detail and order the following modifications to the GO read as 1st paper above:

(i) The Committee constituted vide the Government order read above is reconstituted as given below:

| | | |
|---|---|---|
| 1 | Smt.G.K. Maya, Convenor SLBC or her nominee | Member |
| 2 | Sri.K.Sunilkumar, Deputy Secretary, Industries(K)Department | Member and Convenor |
| 3 | Representative of the Bank concerned | Member |

(ii) The committee can also consider the cases of factories whose cases are pending with any court of law/RR authority, provided both the borrower and the bank concerned agree to the same.

5. The Government order read as 1st paper above stands modified to the above extent only.

(By order of the Governor)

**SANJAY M KAUL**
**SECRETARY**

To:

General Manager (Officer-in Charge) of the Reserve Bank of India, Financial Inclusion and Development Department, Thiruvananthapuram .

Smt.G.K.Maya, (Convenor SLBC, Kerala), General Manager, Canara Bank, Statue, Thiruvananthapuram.

All Banks concerned through Convenor, SLBC.

The Principal Accountant General (Audit/A&E),Kerala, Thiruvananthapuram.

Finance Department

Planning & Economic Affairs Department

I&PR Department (for uploading in Govt.website)

The Director,I&PR Department (for giving wide publicity)

The Deputy Secretary, Industries(K)Department.

Stockfile/Office Copy

Forwarded /By order

Section Officer

Copy to: The Principal Secretary to the Chief Minister

Additional Secretary to the Chief Secretary

PS to Minister (Cashew Industries)

PA to Principal Secretary (Industries)

Deputy Secretary (Industries)

Under Secretary(Industries)

സെക്ഷൻ ഓഫീസർ.